# ദേവമാത സി.എം.ഐ. പബ്ലിക് സ്കൂൾ

## അർദ്ധവാർഷിക പരീക്ഷ 2017–2018

## മലയാളം

Std. III

Time : 2 h.
Marks : 50

എ വിഭാഗം - വായന

I കുരങ്ങിന് വാനരൻ എന്നൊരു പര്യായമുണ്ടല്ലോ . 'വാലുള്ള മനുഷ്യൻ' എന്നാണ് ഇതിനർത്ഥം. എന്നാൽ എല്ലാ വാനരന്മാർക്കും വാലില്ല എന്ന് പലർക്കും അറിയില്ല. ഗോറില്ല, ചിമ്പാൻസി തുടങ്ങി കുറേ വാലില്ലാത്ത വാനരന്മാരുണ്ട്. മനുഷ്യനോട് വല്ലാത്ത സാദൃശ്യം ഇവയ്ക്കുണ്ട്. ബുദ്ധിശക്തിയും വാലുള്ള കുരങ്ങന്മാരേക്കാൾ കൂടുതലാണ്. ആൾക്കുരങ്ങുകൾ എന്നാണ് വാലില്ലാത്ത കുരങ്ങുകൾ അറിയപ്പെടുന്നത്. ആൾക്കുരങ്ങുകളിൽ ഏറ്റവും പ്രശസ്തർ ഗോറില്ലയും ചിമ്പൻസിയും ആണ്. വേട്ടയാടലും വനനശീകരണവും ഇവയ്ക്ക് വംശനാശഭീഷണി സൃഷ്ടിച്ചിരിക്കുന്നു. കുറേക്കാലം കഴിയുമ്പോൾ ഇവ ഭൂമിയിലുണ്ടാവുമോ എന്നത് നമ്മുടെ പ്രവർത്തനങ്ങളെ മാത്രം ആശ്രയിച്ചിരിക്കും. പോകാനൊരുങ്ങുന്ന ജന്തുക്കളിൽ പ്രധാനപ്പെട്ടവയാണ് ഗോറില്ലയും ചിമ്പാൻസിയും.

ചോദ്യങ്ങൾ : (1x5=5)

1. ഈ ഗദ്യഭാഗത്തിന് ഉചിതമായ തലക്കെട്ട് നൽകുക.
2. വാനരൻ എന്ന വാക്കിന്റെ അർത്ഥം എന്ത് ?
3. വാലില്ലാത്ത വാനരന്മാർ ഏതെല്ലാം ?
4. ആൾക്കുരങ്ങുകളുടെ വംശനാശത്തിന് കാരണമെന്ത് ?
5. മറ്റു കുരങ്ങുകളിൽ നിന്ന് വാലില്ലാത്ത വാനരന്മാരുടെ വ്യത്യാസം എന്ത് ?

II. താഴെ കൊടുത്ത പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

' അങ്ങോട്ടു നോക്കിയാലെന്തു കാണാം ? '
' ആയിരം പൂച്ചെടി പൂത്തുകാണാം. '
' പുൽച്ചെടിച്ചാർത്തിൽ നിന്നെന്തുകേൾക്കാം ? '
' പൂങ്കുയിൽ പാടുന്ന പാട്ടുകേൾക്കാം. '
' നീല വിണ്ണെത്തിപ്പിടിച്ചു നിൽക്കും
ചേലഞ്ചു മോരോരോ കുന്നുകളും
പാറപ്പടർപ്പിലൂടാത്ത മോദം
പാടിയൊഴുകുന്ന ചോലകളും
പാദപച്ചാർത്തിലായങ്ങുമിങ്ങും
പാടിപ്പറക്കും പറവകളും
ആലോലവായുവിൽ മന്ദമന്ദ-
മാടിക്കുണുങ്ങുന്ന വല്ലികളും :
ആമന്ദ, മാനന്ദം! നാമിരിക്കും
കാനനരംഗമിതെത്ര രമ്യം. '

ചോദ്യങ്ങൾ : (1x5=5)

1. ഈ പദ്യഭാഗത്തിന് ഉചിതമായ തലക്കെട്ട് നൽകുക.
2. പുൽച്ചെടിച്ചാർത്തിൽ നിന്ന് എന്താണ് കേൾക്കുന്നത്?
3. പറവകൾ എവിടെയാണ് പാറിപ്പറക്കുന്നത്?
4. വല്ലികൾ എന്താണ് ചെയ്യുന്നത്?
5. നീലവിണ്ണ് എത്തിപ്പിടിച്ചു നിൽക്കുന്നത് ആരാണ്?

## ബി - വിഭാഗം എഴുത്ത്

I 1. അഞ്ച് പഴഞ്ചൊല്ല് എഴുതുക : (5)

അല്ലെങ്കിൽ

അഞ്ച് കടങ്കഥ എഴുതുക :

2. നിങ്ങളുടെ വിദ്യാലയത്തിൽ നടന്ന ഓണാഘോഷത്തെക്കുറിച്ച് സുഹൃത്തിന് ഒരു കത്ത് തയ്യാറാക്കുക. (5)

അല്ലെങ്കിൽ

പരിസ്ഥിതി ദിനത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

## സി. വിഭാഗം - വ്യാകരണം

I പിരിച്ചെഴുതുക : (½ x4=2)

1. കടന്നെത്തിയവർ
2. അങ്ങേതിലെങ്ങാനും
3. പ്രജകളുടെ
4. കൊണ്ടിഹ

II ചേർത്തെഴുതുക: (½ x2=1)

1. വളം + ഇല്ലാത്ത 2. ഭീമൻ + ഊഹിച്ചു

III കൂട്ടത്തിൽ ചേരാത്തപദം കണ്ടെത്തുക: ($^1/_4$ x4=1)

1. ആരണ്യം, കാനനം, വിഹംഗം, വനം.
2. രവം, കരം, ഒലി, ശബ്ദം.
3. ആഴി, അബ്ദി, അദ്രി, കടൽ.
4. കുക്കുടം, പത്രം, താമ്രചൂഡം, കോഴി.

IV ചേരുംപടി ചേർക്കുക : (½x5=2½)

| എ | | ബി |
|---|---|---|
| 1. ഒരു തൈ വയ്ക്കൂ | - | കുഞ്ചൻ നമ്പ്യാർ |
| 2. വിതയും കൊയ്ത്തും | - | എൻ.കെ.ദേശം |
| 3. പായും പത്തായം | - | അമ്പലപ്പുഴ ഗോപകുമാർ |
| 4. പൂവൻ കോഴി | - | സുഗതകുമാരി |
| 5. എന്നും നയിക്കണേ | - | മണമ്പൂർ രാജൻ ബാബു |

V ശരിയായ ചിഹ്നം ചേർത്തെഴുതുക : (1x2=2)

1. നാലു പുരുഷന്മാരും ഒരു സ്ത്രീയും കുശാലമായ ഭക്ഷണം ഇനി അന്വേഷിച്ച് അധികം അലയേണ്ട

2. മഹാരാജൻ ഞാൻ വന്നപ്പോൾ മുതൽ ശ്രദ്ധിക്കുന്നു എന്തോ കഠിനമായ വിഷമം താങ്കൾക്കുണ്ട് എന്താണത് പറയൂ എന്തിനും പരിഹാരമുണ്ട്

VI ശരിയായ പദങ്ങൾ ബ്രാക്കറ്റിൽനിന്നും തിരഞ്ഞെടുത്ത് പൂരിപ്പിക്കുക : (½x5=2½)

(അംഗുലീമാലൻ, കുന്തിയെ, ഭീമൻ, ശ്രീബുദ്ധൻ, നാഗന്മാരും)

1. വൃത്താന്തങ്ങൾ മനസ്സിലാക്കിയ ________________ വനത്തിലേക്ക് തിരിച്ചു.
2. അമ്മയുടെയും സഹോദരന്മാരുടേയും അനുവാദത്തോടെ ______________ ഹിഡിംബിയെ കല്യാണം കഴിച്ചു.
3. ശബ്ദകോലാഹലം ______________________ ഉണർത്തി .
4. ____________________ കേരളീയരും മുടി വെട്ടി ഒതുക്കുന്നു.
5. സകല ദുഃഖവും മറന്ന ______________________ ശാപമുക്തനായി.

VII അർത്ഥവ്യത്യാസം എഴുതുക: (½x4=2)

1. നാഗം - നാകം
2. അർത്ഥം - അർധം

VIII പദ്ധശുദ്ധി വരുത്തുക: ($^1/_4$ x6= 2)

1. നിർദ്ധേശം - നിർദ്ദേശം
2. ജട - ജഡ
3. പാദം - പാതം
4. അംഗുലി - അങ്കുലി
5. ഹിഡിംബൻ - ഹിടിംബൻ
6. അഗ്നികുണ്ഠം - അഗ്നികുണ്ഡം.

**ഡി വിഭാഗം - ഗ്രഹണം**

I അർത്ഥം എഴുതുക : (½x2=1)

1. ശിഖന്മാർ
2. ഭാണ്ഡം

II വിപരീതം എഴുതുക: (½x2=1)

1. കഠിനം 2. പരിഷ്കൃതർ

III പദ്യം ക്രമം തെറ്റാതെ പൂരിപ്പിക്കുക : (2)

പള്ളിക്കൂടം...............................................

..........................................................................

...........................................................................

........................................................ കണ്ടില്ല.

IV പര്യായമെഴുതുക: (2)

1. ആന 2. ശബ്ദം

V നാനാർത്ഥമെഴുതുക: (1)

1. കല്യാണം

VI വിഗ്രഹാർത്ഥം എഴുതുക: (½x1=½)

1. ഉമ്മറവാതിൽ

VII എതിർലിംഗം എഴുതുക: (½)

1. രാക്ഷസൻ

VIII ഒറ്റപ്പദമാക്കുക: (½)

1. ഇലയുടെ കീറ്

IX വാക്യത്തിൽ പ്രയോഗിക്കുക: (1)

1. പേരും പെരുമയും

X ഉത്തരമെഴുതുക:

1. അമ്മ എന്തു പറഞ്ഞാണ് ചിരിച്ചത്? (1½)
2. എപ്പോഴാണ് നെല്ല് നാഴിക്കൊരു പറ വിളയുന്നത്? (1½)
3. എന്തായിരുന്നു അംഗുലീമാലന്റെ ശപഥം? (1)
4. ഹിഡിംബവനത്തിലെത്തിയ പാണ്ഡവരുടെയും മാതാവിന്റെയും അവസ്ഥ എന്തായിരുന്നു? (1½)

* * * * *